## പതിനാലാം കേരള നിയമസഭ
### ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.829 — 14.01.2021-ൽ മറുപടിയ്ക്ക്

## കലാകാരൻമാരുടെ ഉപജീവനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ. എ. കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** | |
| എ) | കോവിഡ് ലോക്ക്ഡൗൺ ആരംഭിച്ചതുമുതൽ ഉൽസവങ്ങളുമായി ബന്ധപ്പെട്ട് ഉപജീവനം കഴിച്ചുവന്നിരുന്ന കലാകാരന്മാർ പരിപാടികളില്ലാതെ വരുമാനമാർഗ്ഗം കണ്ടെത്താൻ കഴിയാതെ കഷ്ടത അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇവരുടെ പ്രശ്നപരിഹാരത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) | കോവിഡ് മഹാമാരി മൂലം ഉപജീവനമാർഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരൻമാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപ വീതം രണ്ടുമാസത്തേയ്ക്ക് അടിയന്തിര ധനസഹായം അനുവദിച്ചിട്ടുണ്ട്. ആകെ 640 ലക്ഷം രൂപ ഇത്തരത്തിൽ വിതരണം ചെയ്തു. കൂടാതെ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡു മുഖേന ഇതുവരെ 4323 പേർക്ക് 2000 രൂപ വീതം ആകെ 86.46 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും ഇതുവരെ മറ്റ് യാതൊരു ധനസഹായവും ലഭിച്ചിട്ടില്ലാത്തവരുമായ 30000 കലാകാരൻമാർക്കും അനുബന്ധ പ്രവർത്തകർക്കും 1000/- രൂപ വീതം ധനസഹായം നൽകുന്നതിന് ആകെ 3 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് തുക വിതരണം ചെയ്ത് വരുന്നു.

Sindhu

**സെക്ഷൻ ഓഫീസർ**